
സ്ഫോടനഭീകരതയിൽ സംഘ്പരിവാറിന്റെ പങ്ക്–3

●

സദ്റുദ്ദീൻ വാഴക്കാട്

# കർക്കരെ തകർത്ത കാവി സ്വപ്നങ്ങൾ

**സാബാ** പർവീന്റെ മനസ്സ് ഇപ്പോഴും ഉരുകുകയാണ്. തന്റെ പ്രിയപ്പെട്ട അനുജത്തി, പത്തു വയസ്സുകാരി ഫർഹീനെ ഭീക്കുചൗക്കിലേക്ക് പകോറ വാങ്ങാനയക്കുമ്പോൾ, ആ പുഞ്ചിരിക്കുന്ന മുഖം ഇനി ഒരിക്കലും തനിക്ക് കാണാനാകില്ലെന്ന് പർവീൻ സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല. ആ അഞ്ചാം ക്ലാസ്സുകാരിയുടെ ഇളംമേനി ഏതാനും നിമിഷങ്ങൾക്കകം കത്തിക്കരിഞ്ഞു പോകുമെന്നും പർവീന് അറിയുമായിരുന്നില്ല. പക്ഷേ, അത് സംഭവിച്ചു. ഭിക്കുചൗക്കിലെ ബോംബ് സ്ഫോടനത്തിൽ ശൈഖ് ലിയാഖത്ത് വഹീദുദ്ദീന് തന്റെ അരുമ മകളെ നഷ്ടമായി. ഭിക്കുചൗക്കിലെ കസ്ബാ പാഢ മസ്ജിദിന് നൂറു വാര മാത്രം അകലെ താമസിക്കുന്ന, മൂന്ന് പെൺമക്കളും രണ്ട് ആൺമക്കളുമടങ്ങുന്ന വഹീദുദ്ദീന്റെ കുടുംബത്തിലെ ഇളയവളായിരുന്നു ഫർഹീൻ. സ്ഫോടനത്തിന് ശേഷം 'വാദിയ' ഹോസ്പിറ്റലിലെത്തിയ അവരെ വരവേറ്റത് ഫർഹീന്റെ കത്തിക്കരിഞ്ഞ ശരീരമാണ്.




അതൊരു വിശുദ്ധ റമദാനിലെ അവസാന രാത്രിയായിരുന്നു. പുണ്യമാസത്തോട് വിടപറഞ്ഞ് പെരുന്നാൾ ആഘോഷിക്കാനുള്ള ആഹ്ലാത്തിമിർപ്പിലാണ് ജനം. നോമ്പ് തുറന്ന് അങ്ങാടിയിലെത്തിയവർ പെരുന്നാളിനുള്ള സാധനങ്ങൾ വാങ്ങിക്കൊണ്ടിരിക്കുന്നു. അപ്പോഴാണത് സംഭവിച്ചത്. മാലേഗാവിലെ ഭീക്കുചൗക്കിൽ ഉഗ്ര സ്ഫോടനം; 2008 സെപ്റ്റംബർ 28–ന് രാത്രി 9.32ന്. ഈദ് ആഘോഷത്തിനൊരുങ്ങിയ തെരുവ്, രക്തവും മാംസവും ചിന്നിച്ചിതറി കുരുതിക്കളമായി. ആറു ജീവനുകൾ പൊലിഞ്ഞു, നൂറിലേറെ പേർക്ക് പരിക്കേറ്റു. അവരിലൊരാളാണ്, സംഭവസ്ഥലത്തു

നിന്ന് പതിനഞ്ചടി മാത്രം അകലെ ഉപ്പയുടെ നിർത്തിയിട്ട ബൈക്കിൽ ഇരിക്കുകയായിരുന്ന മൂന്നര വയസ്സുകാരൻ അസ്മി ഫർഹാൻ!



പ്രജ്ഞാ സിംഗ്

മാലേഗാവിൽ സ്ഫോടനം നടന്ന സെപ്റ്റംബർ 28-ന് തന്നെയായിരുന്നു ഗുജറാത്തിലെ മൊഡാസയിലും സ്ഫോടനമുണ്ടായത്. മുസ്‌ലിം ആഘോഷമായ പെരുന്നാളിന്റെ തലേന്നാൾ ആയിരുന്നു മാലേഗാവ് സ്ഫോടനമെങ്കിൽ, ഹിന്ദുക്കളുടെ നവരാത്രി ആഘോഷവേളയിലായിരുന്നു മൊഡാസ സ്ഫോടനം. രണ്ട് സ്ഫോടനങ്ങൾക്കു പിന്നിലും ഒരേ സംഘമാണെന്ന് മഹാരാഷ്ട്ര എ.ടി.എസ് കണ്ടെത്തുകയും ചെയ്തു (Sadhvi linked to Malegaon blasts.ndtv.com 24.10.2008, *The Times of India* 2009 Oct 17). ഹിന്ദു- മുസ്‌ലിം ആഘോഷാവസരങ്ങളിൽ ഒരേപോലെ സ്ഫോടനം നടത്തി സാധ്വിയും സ്വാമിയും ലക്ഷ്യമിട്ടത് എന്തായിരുന്നു?

## ബൈക്കിൽ സ്ഥാപിച്ച ബോംബ്

ഭിക്കുചൗക്കിലെ ട്രാൻസ്പോർട്ട് ബിസിനസുകാരനായ ചാച്ചയുടെ കടയുടെ ഏതാനും വാര അകലെ, എൽ.എംഎൽ ഫ്രീഡം ബൈക്കിലാണ് ബോംബ് സ്ഥാപിച്ചിരുന്നത്. വൈകുന്നേരം ആറിനും 6.30-നും ഇടക്കാണത്രെ ബൈക്ക് അവിടെ കൊണ്ടുവെച്ചത്. നോമ്പു തുറക്കാൻ പോകുമ്പോൾ ബൈക്ക് അവിടെ ഉണ്ടായിരുന്നില്ല. നോമ്പ് തുറ കഴിഞ്ഞ് വരുമ്പോൾ വഴിയിൽ പ്രയാസപ്പെടുത്തുംവിധം വെച്ച ബൈക്ക് കണ്ടു. ബൈക്ക് ലോക്ക് ചെയ്തിരുന്നു. പോലീസ് ഔട്ട് പോസ്റ്റിൽ പരാതി പറഞ്ഞെങ്കിലും സ്റ്റേഷനിൽ പരാതി നൽകാനായിരുന്നു കോൺസ്റ്റബ്ളിന്റെ നിർദേശം.

9.32ന് ഉഗ്ര സ്ഫോടനമുണ്ടായി-രണ്ടാം മാലേഗാവ് സ്ഫോടനം. കേസ് അന്വേഷിച്ച മുംബൈ പോലീസിലെ ഭീകരവിരുദ്ധ സ്കോഡ് പഴഞ്ചൻ സ്വഭാവത്തിലുള്ള പരുക്കൻ ബോംബുകളാണ് (unsophisticated crude bombs) സ്ഫോടനത്തിന് ഉപയോഗിച്ചതെന്ന് കണ്ടെത്തി. ദൽഹിയിൽ സെപ്റ്റംബർ 26-ന് ഉണ്ടായ സ്ഫോടനത്തിൽ ഉപയോഗിച്ചതും ഇതേ സ്വഭാവത്തിലുള്ള ബോംബുകളായിരുന്നു ('3 blown dead This terror run Isn't over yet'- Hindustan Times 30.9.2008). സൈന്യത്തിന്റെ ആർ.ഡി.എക്സ് ഉപയോഗിച്ചുണ്ടാക്കിയ ബോംബ് ബൈക്കിൽ ഘടിപ്പിക്കുകയായിരുന്നു.

മുംബൈ എ.ടി.എസിലെ ധീരനായ പോലീസ് ഓഫീസർ ഹേമന്ദ് കർക്കരെക്കായിരുന്നു അന്വേഷണ ചുമതല. വൻ വിവാദം സൃഷ്ടിക്കാവുന്ന, അത്യന്തം വൈകാരികമായ ഒരു കേസിന്റെ അന്വേഷണം വളരെ സൂക്ഷ്മതയോടെ വേണമെന്ന് കർക്കരെക്ക് അറിയാമായിരുന്നു. തെളിവുകളുടെ ഓരോ ചെറു കഷ്ണവും സമർഥമായി കൂട്ടിയിണക്കിയ ഹേമന്ദ് കർക്കരെ, സ്ഫോടനം നടത്തിയ ഭീകരരെ വലയിൽ കുടുക്കി. തികഞ്ഞ ആത്മവിശ്വാസത്തോടെയും ദൃഢനിശ്ചയത്തോടെയുമാണ് കേസന്വേഷണം മുന്നോട്ടുപോയത്. സംഭവസ്ഥലത്തുനിന്നും സ്ഫോടനത്തിന്റെ അവശിഷ്ടങ്ങളിൽനിന്നും തെളിവുകൾ ശേഖരിച്ച് അദ്ദേഹം അന്വേഷണം ആരംഭിച്ചു.

ബൈക്കിനെക്കുറിച്ച അന്വേഷണമാണ് കേസിൽ വഴിത്തിരിവായത്. എം.എച്ച്

15 – 4572 രജിസ്ട്രേഷനുള്ള ഫ്രീഡം എൽ.എം.എൽ ബൈക്കിന്റെ യഥാർഥ ഉടമയെ തിരിച്ചറിയാതിരിക്കാൻ ഒറിജിനൽ നമ്പറും ചില ഭാഗങ്ങളും മാറ്റിയിരുന്നു. മറ്റു ചില ബൈക്കുകളുടെ ഭാഗങ്ങൾ അതിൽ ഘടിപ്പിക്കുകയും എഞ്ചിൻ നമ്പറും ചേസിസ് നമ്പറും തിരുത്തുകയും ചെയ്തിരുന്നു. പക്ഷേ, ബൈക്ക് വിൽപനക്കാരന്റെ രേഖകളും ഫോറൻസിക് റിപ്പോർട്ടുകളും മുന്നിൽവെച്ച് നടത്തിയ അന്വേഷണം നാസിക് സ്വദേശിനി പ്രജ്ഞാ സിംഗിലെത്തി. അതിന്റെ രജിസ്ട്രേഷൻ പ്രജ്ഞാ സിംഗിന്റെ പേരിലായിരുന്നു. ചോദ്യം ചെയ്തപ്പോൾ ബൈക്ക് താൻ വിറ്റുവെന്ന് പ്രജ്ഞാ സിംഗ് വാദിച്ചു. മനോജ് ശർമ എന്ന ജോഷിക്കാണ് ബൈക്ക് വിറ്റതെന്ന് അന്വേഷണത്തിൽ മനസ്സിലായി. ആർ.എസ്.എസ് അംഗമായിരുന്ന ജോഷി, മധ്യപ്രദേശിലെ 'മാവോ'യിൽ 2003 ഫെബ്രുവരിയിൽ നടന്ന ഒരു ഇരട്ട കൊലപാതകത്തിൽ പങ്കാളിയായിരുന്നു. ജോഷിയെ പിന്നീട് എതിരാളികൾ വധിക്കുകയാണുണ്ടായത്. സാധ്വി പ്രജ്ഞാ സിംഗുമായി വളരെ അടുത്ത ബന്ധമാണ് ജോഷിക്കുണ്ടായിരുന്നത്. (The Times of India- Mumbai Edition- 2008 Oct 29). പ്രജ്ഞയെക്കുറിച്ച പ്രാഥമിക അന്വേഷണം, പ്രജ്ഞയുടെ സഹായികളായ ശാംലാൽ സാഹു, ശിവനാരായണൻ കലംഗ് സരസിംഗ എന്നിവരിലെത്തി. ഇരുവരും മധ്യപ്രദേശ് സ്വദേശികളാണ്; സാഹു ബി.ജെ.പി അംഗവും. സ്ഫോടനം നടത്താൻ സാധ്വിയെ സഹായിച്ചത് ഇവർ രണ്ടുപേരുമാണ്. തന്റെ കൂട്ടാളികളുമായി പ്രജ്ഞാ സിംഗ് നടത്തിയ സംഭാഷണങ്ങളുടെ 400 മിനിറ്റ് ദൈർഘ്യമുള്ള ടേപ്പും എ.ടി.എസിന് നല്ല തെളിവായി (Praghya Sing Thakur- wikipedia).

പ്രത്യേക കാരണങ്ങളാലാണ് സ്ഫോടനത്തിന് മാലേഗാവ് തെരഞ്ഞെടുത്തത്. "ഗൂഢാലോചകർ മുസ്‌ലിംകളെയാണ് തങ്ങളുടെ ഭീകരപ്രവർത്തനത്തിന്റെ ലക്ഷ്യമാക്കിയത്. മുസ്‌ലിം കേന്ദ്രത്തിൽ ബോംബ് വെക്കാനുള്ള തീരുമാനത്തിന്റെ തുടക്കമായിരുന്നു 2008–ലെ മാലേഗാവ് സ്ഫോടനം. രണ്ട് കാരണം കൊണ്ടാണ് മാലേഗാവ് തെരഞ്ഞെടുത്തത്. ഒന്ന്, റമദാൻ മാസമായതുകൊണ്ട് പ്രാർഥനക്ക് വേണ്ടി മുസ്‌ലിംകൾ പള്ളിയിൽ തടിച്ചുകൂടും. രണ്ട്, 2006–ൽ നടന്ന മാലേഗാവ് സ്ഫോടന കേസിൽ 'സിമി' പ്രവർത്തകർ പ്രതികളാക്കപ്പെട്ടതുകൊണ്ട് 2008–ലെ സ്ഫോടന കേസ് അന്വേഷണത്തെയും അത് വഴിതെറ്റിക്കും– കെ.പി രഘുവംശി പറഞ്ഞു" (The Hindu 21.01.2009. www.thehindu.com 21/01/2009). അന്വേഷണം വഴിതെറ്റിക്കാൻ വേണ്ടി നിരവധി മൊബൈൽ സന്ദേശങ്ങളും മറ്റും പോലീസിന് കിട്ടിക്കൊണ്ടിരുന്നു. പക്ഷേ അതിലൊന്നും വീഴാതെ മുന്നോട്ടുപോയ അന്വേഷണം യഥാർഥ പ്രതികളെ കണ്ടെത്തുകതന്നെ ചെയ്തു. പ്രജ്ഞാ സിംഗ് ഠാക്കൂറും മറ്റു രണ്ടു പേരും 2008 ഒക്ടോബർ 23–ന് അറസ്റ്റ് ചെയ്യപ്പെട്ടു. ഇന്ത്യയിലെ സ്ഫോടന പരമ്പരകളെ കുറിച്ച് അന്വേഷണത്തിലെ ഏറ്റവും വലിയ വഴിത്തിരിവായിരുന്നു സാധ്വി പ്രജ്ഞാ സിംഗിന്റെ അറസ്റ്റ്.

## പ്രതികൾ ആരൊക്കെ?

മാലേഗാവ് സ്ഫോടനത്തിന്റെ അഗ്നി അണയുംമുമ്പേ, മറ്റെല്ലാ സ്ഫോടനങ്ങളെയും പോലെ സിമി, ഇന്ത്യൻ മുജാഹിദീൻ തുടങ്ങിയ സംഘടനകളും അറബി–ഉർദു പേരുള്ള ചിലവ്യക്തികളുമാണ് സ്ഫോടനത്തിന് പിന്നിലെന്ന് വാർത്തകൾ പരന്നു. 2006–ലെ സ്ഫോടന കേസിലെപ്പോലെ ഇതിലും തെളിവുകൾ കിട്ടും മുമ്പേ പോലീസ് നിരപരാധികളായ യുവാക്കളെ വേട്ടയാടും എന്ന് മാലേഗാവ് നിവാസികൾ ഭയപ്പെട്ടു. സംഭവസ്ഥലം സന്ദർശിക്കാനെത്തിയ മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി

ആർ.ആർ പാട്ടേലിനു മുമ്പിൽ സ്ത്രീകളും കുട്ടികളുമടങ്ങുന്ന തദ്ദേശവാസികളുടെ സംഘം ഇതേക്കുറിച്ച് പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി. സ്ഫോടനത്തിനു ശേഷം മാലേഗാവിൽ നടന്ന ഒരു യോഗത്തിൽ നാസിക്കിലെ മന്ത്രി ബാബാ സിദ്ദീഖിനോട് മാലേഗാവിലെ മുസ്‌ലിം നേതാക്കൾ ഇതേക്കുറിച്ച് രൂക്ഷമായി പ്രതികരിച്ചു. "ക്ഷേത്രത്തിൽ നടന്ന സ്ഫോടനങ്ങൾക്കു പിന്നിൽ സിമിയാണെന്ന് നിങ്ങൾ ആരോപിക്കുന്നു. മാർക്കറ്റുകളിലും മസ്ജിദുകളിലും നടന്ന സ്ഫോടനങ്ങൾക്കു പിന്നിലും സിമിയാണെന്നാണ് നിങ്ങളുടെ



ഹേമന്ദ് കർക്കരെ

വാദം. ഇപ്പോൾ സ്ഫോടനമുണ്ടായിട്ടുള്ളത് 'സിമി'യുടെ ഓഫീസിന്റെ തൊട്ടടുത്താണ്. ഇത് ആരുടെ പേരിലാണ് നിങ്ങൾ ആരോപിക്കുക?" (Mailtoday 2008 Oct 3, Malegaon Modasa and Mehruli blast: The Hindutva connection?- Subhash Gatade 2008 Oct 3- www.sacw.net). (സിമി നിരോധിക്കപ്പെട്ടതിനാൽ അവരുടെ ഓഫീസ് അടച്ചിട്ടതായിരുന്നു).

2008 ജൂണിൽ മഹാരാഷ്ട്രയിലെ താനെ, വാശി തുടങ്ങിയ സ്ഥലങ്ങളിലുണ്ടായ സ്ഫോടനങ്ങൾക്കു പിന്നിൽ സനാതൻസൻസ്തയുടെയും ഹിന്ദു ജാഗൃതി സമിതിയുടെയും പ്രവർത്തകരാണെന്ന് കണ്ടെത്തിയ ഹേമന്ദ് കർക്കരെ, മായ്ച്ചുകളയാൻ ആളുണ്ടാകുമായിരുന്ന മാലേഗാവ് കേസും ലഭ്യമായ വളരെ ചെറിയ വിവരങ്ങളും തെളിവുകളും സൂക്ഷ്മമായി പിന്തുടർന്നാണ് തെളിയിച്ചത്. *മെയിൽ ടുഡേ*യുടെ ഒരു റിപ്പോർട്ട് ഇങ്ങനെയായിരുന്നു: "ഏതായിരുന്നാലും പോലീസിന് ഒരു കാര്യം ഉറപ്പിക്കാം; മാലേഗാവ്–മൊഡാസ സ്ഫോടനങ്ങൾ പരസ്പര ബന്ധിതമാണ്. രണ്ടും സംഭവിച്ചിരിക്കുന്നത് രാത്രി 9.30–ന്; മുസ്‌ലിംകൾ കൂടുതലായി താമസിക്കുന്ന സ്ഥലങ്ങളിൽ. രണ്ട് സ്ഫോടനങ്ങളും തമ്മിൽ സ്വാഭാവികമായും ചില സമാനതകളുണ്ടെന്ന് കർക്കരെക്ക് മനസ്സിലാവുകയും ചെയ്തു" (2008 ഒക്ടോബർ 1). സ്ഫോടനങ്ങൾ നിരീക്ഷിച്ചാൽ മനസ്സിലാകുന്ന പ്രധാനപ്പെട്ട വസ്തുത, മോട്ടോർ ബൈക്കുകളാണ് സ്ഫോടനങ്ങൾക്കുള്ള ബജ്റംഗ്ദളിന്റെ പ്രധാന ഉപകരണം എന്നതാണ്. 2006 ഏപ്രിലിലെ നന്ദേഡ് സ്ഫോടനത്തിലെ പ്രതികളെ നാർക്കോ അനാലിസിസിന് വിധേയമാക്കിയപ്പോൾ ലഭിച്ച വിവരം, സ്ഫോടനത്തിൽ (2003 പർഭാനി, 2004 ജൽന) ബജ്റംഗ്ദൾ പ്രവർത്തകർ മരിച്ചത് മോട്ടോർ ബൈക്ക് സ്ഫോടനത്തിന് തയാറാക്കുമ്പോഴായിരുന്നുവെന്നാണ്. ബൈക്കിലെത്തി ബോംബെറിയുകയാണ് ബജ്റംഗ്ദൾ രീതി. ദൽഹിയിലെ മെഹ്റോളി മാർക്കറ്റിലെ ബോംബാക്രമണം നടന്നതും ഇതേ രീതിയിലാണ് (Mailtoday, 2008 Oct 1, South Asia Citizens web, 2008 Oct 3). 2009 ഒക്ടോബറിൽ ഗോവയിലെ മഡ്ഗാവിലുണ്ടായ സ്ഫോടനവും ബൈക്കിൽ തന്നെയായിരു

ന്നു.

മാലേഗാവ് സ്ഫോടനത്തിന് പിന്നിൽ സംഘ്പരിവാറായിരിക്കുമെന്ന് പോലീസ് റിപ്പോർട്ട് ഉദ്ധരിച്ച് മറ്റു ചില പത്രങ്ങളും സൂചിപ്പിക്കുകയുണ്ടായി. "മാലേഗാവ് സ്ഫോടനത്തിന് പിന്നിൽ ഹിന്ദുത്വ തീവ്രവാദികളാകാനുള്ള സാധ്യത തള്ളിക്കള യാറായിട്ടില്ലെന്ന് പോലീസ് പറഞ്ഞു. ഈ വർഷമാദ്യം മുംബൈ തിയേറ്ററിൽ ഉപ യോഗിച്ച ബോംബുതന്നെയാണ് മാലേഗാവിലേതുമെന്ന് അന്വേഷണ ഉദ്യോഗ സ്ഥർക്ക് മനസ്സിലായിട്ടുണ്ട്" എന്നാണ് *ഇന്ത്യൻ എക്സ്പ്രസ്* എഴുതിയത്. അന്വേ ഷണം ചെന്നെത്തിയതും അവിടെതന്നെ (Hindu extremist Groups on Radar In Malegaon probe, Sagnik Chowdhary, Ist Oct 2008).

മാലേഗാവ് സ്ഫോടന കേസിലെ പ്രതികളുടെ പേരും വേഷവും പ്രവർത്തി ക്കുന്ന സംഘടനകളും ജോലിയും പ്രമുഖ രാഷ്ട്രീയ നേതാക്കളുമായി അവർക്കുള്ള ബന്ധവുമെല്ലാം ഭീകരതയെയും സ്ഫോടന പരമ്പരയെയും സംബന്ധിച്ച് പൊതു സമൂഹത്തിനുള്ള ധാരണകളെ അട്ടിമറിക്കുന്നതായിരുന്നു. പവിത്രമായ സന്യാസി വേഷങ്ങളാണ് ഭീകരർ തങ്ങളുടെ ഹീനകൃത്യങ്ങൾക്ക് മറയാക്കിയത്.

എ.ടി.എസ് കണ്ടെത്തിയതനുസരിച്ച് പതിനാല് പ്രതികളാണ് മാലേഗാവ് സ്ഫോടനത്തിന് പിന്നിൽ പ്രവർത്തിച്ചത്. അവരിൽ 11 പേരെ അറസ്റ്റ് ചെയ്തു. മൂന്നു പേരെ പിടികിട്ടാനുണ്ട്.

അറസ്റ്റിലായവർ: സാധ്വി പ്രജ്ഞാ സിംഗ് ചന്ദ്രപാൽ സിംഗ് ഠാക്കൂർ പൂർണ ചേതനാനന്ദഗിരി, സ്വാമി അമൃതാനന്ദ ദയാനന്ദ് പാണ്ഡെ, റിട്ട. മേജർ രമേശ് ഉപാ ധ്യായ്, ലഫ്റ്റനന്റ് കേണൽ ശ്രീകാന്ത് പ്രസാദ് പുരോഹിത്, സമീർ കുൽക്കർണി, ശിവ നാരായണൻ ഗോപാൽ സിംഗ് കൽസംഗാര, ശ്യാം ഭവർലാൽ സാഹു, അജയ് റഹിർകർ, രാകേഷ് ധാവഡെ, ചിന്താമണി മാത്രെ, സുധാകർ ചതുർവേദി.

ഒളിവിൽ കഴിയുന്നവർ: രാമചന്ദ്ര ഗോപാൽ സിംഗ് കൽസംഗാര, സന്ദീപ് വിശ്വാസ് ഡാങ്കെ, പ്രവീൺ മുത്തലിക്.

(Arrest of Hindu Terrorists embarrasses BJP- *Hindustan times* 28.10.2008, Sadhvi in Jail for Malegaon blast-*The Times of India* 25.10.2008, Malegaon blast three remanded).

"സൈന്യത്തിൽനിന്ന് വിരമിച്ച മേജർ രമേശ് ഉപാധ്യായ്യെ പൂനയിൽനിന്നാണ് പോലീസ് പിടികൂടിയത്. ആർ.എസ്.എസ്സിന് കീഴിലെ 'എക്സ്–സർവീസ് മാൻ മുംബൈ ഘടക'ത്തിന്റെ നേതാവായിരുന്നു ഉപാധ്യായ്. ആർ.ഡി.എക്സ് നൽകി യത് ഇയാളാണെന്നാണ് സംശയം" (Pune Mirror, 2008 Nov 28).

"മഹാരാഷ്ട്ര സ്വദേശി സമീർ കുൽക്കർണിയെ പിടിച്ചത് ഭോപാലിൽനിന്നാ ണ്. ബോംബ് നിർമിക്കാനാവശ്യമായ രാവസ്തുക്കൾ നൽകിയത് ഇയാളാണ്" (The Times of India Pune, 2008 Oct. 28). "നാസിക്കിലെ ഭോൺസാല മിലിട്ടറി സ്കൂളിന്റെ പഴയ കമാണ്ടർ, മേജർ പ്രഭാകർ കുൽക്കർണിയെ എ.ടി.എസ് അറസ്റ്റ് ചെയ്തത്, പ്രതികൾക്ക് ആർ.ഡി.എക്സ് ഉപയോഗിക്കാൻ പരിശീലനം നൽകിയതിനാണ്. മിലി ട്ടറി സ്കൂളിന്റെ ഭാഗത്തായിരുന്നു 2001–ൽ പരിശീലനം നടന്നത്" (The Times of India, 2008 Nov 1). "നാസികിലെ ഭോൺസാല സൈനിക സ്കൂളിലെ അഡ്മിനിസ്ട്രേറ്റർ ശൈലേഷ് റെയ്കാറിനെ, സ്ഫോടന കേസ് പ്രതികൾ സ്ഫോടനത്തിന് പതിനഞ്ച് ദിവസം മുമ്പ് നടത്തിയ ഒരു യോഗത്തിൽ പങ്കെടുത്തതിന്റെ പേരിൽ എ.ടി.എസ് ചോദ്യം ചെയ്യുകയുണ്ടായി" (Sunday Times of India, 2008 Nov 2). "അജയ്റഹിർകറി

നെയും രാകേഷ് ധാവ്ഡെയെയും പൂനയിൽ വെച്ചാണ് അറസ്റ്റ് ചെയ്തത്. റഹിർക റാണ് ഭീകരസംഘത്തിന്റെ സാമ്പത്തിക കാര്യങ്ങളുടെ ചുമതല വഹിച്ചിരുന്നത്. രാകേഷ് ധാവ്ഡെ ആയുധങ്ങൾ കൈകാര്യം ചെയ്യാൻ വിദഗ്ധനാണ്" (The Times of India Pune, 2008 Nov 4). "ആയുധ ശേഖരണ കുറ്റത്തിനാണ് ചിന്താമണി മാത്രയെ ഡോംദിവാലിയിൽനിന്ന് പിടികൂടിയത്" (The Times of India, Pune 2008 Nov 4). "ആയുധ വിദഗ്ധൻ ദാവ്ഡെ, പർഭാനി– നന്ദേഡ് സ്ഫോടനങ്ങളിൽ പങ്കാളിയായി രുന്നുവെന്ന് എ.ടി.എസ് വെളിപ്പെടുത്തുകയുണ്ടായി" (Sakal, Pune 2008 Nov 11).

പർഭാനി–ജൽന കേസിൽ ഇയാൾ അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു. സംഭവസമയത്ത് ആർമിയിൽ സേവനമനുഷ്ഠിച്ചിരുന്ന (ഇപ്പോൾ സസ്പെൻഷനിലുള്ള) ലഫ്റ്റനന്റ് കേണൽ പ്രസാദ് പുരോഹിത് അറസ്റ്റിലാകുന്നത് 2008 നവംബർ 4–നാണ്. മാലേ ഗാവ് സ്ഫോടനത്തിലെ ഭീകര പ്രവർത്തന ഗൂഢാലോചനയാണ് കുറ്റം. 'അഭിനവ് ഭാരതി'ലെ തന്റെ സഹപ്രവർത്തകനായ റിട്ട. മേജർ രമേശ് ഉപാധ്യയ്ക്ക് പുരോ ഹിത് അയച്ച ചില എസ്.എം.എസ്സുകൾ ആണ് അയാളെ കുടുക്കിയത്. അഭിനവ് ഭാരതിന്റെ സഹ സ്ഥാപകനായ പുരോഹിത്, താനാണ് സ്ഫോടനത്തിന്റെ സൂത്ര ധാരനെന്നും അതിനായി ആർ.ഡി.എക്സ് നൽകിയതെന്നും സമ്മതിക്കുകയുണ്ടാ യി. സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാൻ കുറെ യുവാക്കൾക്ക് പുരോഹിത് പരിശീലനം നൽകിയിട്ടുണ്ടെന്നും എ.ടി.എസ്സിന് സംശയമുണ്ട് (Times of India, 2008 Nov 7). 2003–ൽ പൂനയിൽ വെച്ച് പുരോഹിത് പരിശീലനം നൽകിയ 53 യുവാക്ക ളുടെ പേരുകൾ അയാളുടെ ലാപ്ടോപ്പിൽ ഉണ്ടെന്ന് സംശയിക്കുന്നതായി പത്രങ്ങൾ റിപ്പോർട്ട് ചെയ്തു (Sakal Pune, 2008 Nov 8,9- The Times of India 2008, Nov 9). സംശയം ശരിയായിരുന്നുവെന്ന് പിന്നീട് തെളിഞ്ഞു. സ്ഫോടന ഗൂഢാലോചനയെക്കുറിച്ചും ആയുധ പരിശീലനത്തിൽ പങ്കെടുത്തവരെക്കുറിച്ചുമുള്ള വിവരങ്ങൾ പുരോഹിതിന്റെ ലാപ്ടോപ്പിൽനിന്ന് പോലീസിന് ലഭിച്ചു (Pudhari, Pune 2008 Nov 14). മുംബൈ മാതുംഗ സ്റ്റേഷനിലെ പോലിസാണ് യു.പി സ്വദേശി സുധാകർ ചതുർവേദിയെ അറസ്റ്റ് ചെയ്തത്. അനധികൃതമായി തോക്ക് കൈവശം വെച്ചതിനും ഇന്ത്യൻ ആർമിയുടെ കള്ള ഐഡി കാർഡ് നിർമിച്ചതിനുമായിരുന്നു അറസ്റ്റ്. ഇയാൾ 'അഭിനവ് ഭാരതി'ന്റെ ദേശീയ കോ–ഓർഡിനേറ്ററാണ്. മാലേഗാവ് സ്ഫോടനത്തിൽ തനിക്കും പങ്കുണ്ടെന്ന് നാർക്കോ അനാലിസിസ് പരിശോധനയിൽ സുധാകർ സമ്മതിച്ചു (*The Indian Express* - 2008 Nov 12).

## സാധ്വി പ്രജ്ഞാ സിംഗും അഭിനവ് ഭാരതും

മധ്യപ്രദേശിലെ ധതിയ (Dhatiya) ജില്ലയിലാണ് പ്രജ്ഞാ സിംഗിന്റെ ജനനം. പിതാവ് ഡോ. ചന്ദ്രപാൽ സിംഗ് ഠാക്കൂർ, 35 വർഷമായി സജീവ ആർ.എസ്.എസ് പ്രവർത്തകനാണ്. ആൺകുട്ടികളെ പോലെ തലമുടി ചെറുതാക്കി വെട്ടിയും പുരുഷ വസ്ത്രം ധരിച്ചും വളർന്ന പ്രജ്ഞാ സിംഗ് മോട്ടോർ സൈക്കിൾ റൈഡിംഗിൽ അതീവ തൽപരയായിരുന്നു; തന്റെ പേരിൽ രജിസ്റ്റർ ചെയ്ത മോട്ടോർ ബൈക്ക്, സ്ഫോടനം നടത്താനുപയോഗിച്ചതാണ് കേസ് തെളിയാനുള്ള നിർണായക തെളിവായതും.

1993–ൽ, ബി.ജെ.പിയുടെ വിദ്യാർഥി വിഭാഗമായ എ.ബി.വി.പി (അഖില ഭാര തീയ വിദ്യാർഥി പരിഷത്ത്)നേതാവായ പ്രജ്ഞാ സിംഗ്, 1997–ൽ സംഘടന വിട്ടു വെന്ന് പറയപ്പെടുന്നു (വിദ്യാർഥി സംഘടനയുടെ നിശ്ചിത പ്രായപരിധി പൂർത്തി യാക്കിയ ശേഷം സ്വാഭാവികമായി പ്രജ്ഞ എ.ബി.വി.പി വിട്ടതുമാവാം). ഇതു സംബ ന്ധിച്ച വിവരങ്ങളൊന്നും ലഭിച്ചില്ല. പിന്നീട് രാഷ്ട്രവാദി സേന, ഹിന്ദുജാഗരൺ മഞ്ച്,

ദുർഗാവാഹിനി (ബജ്റംഗ്ദളിന്റെ വനിതാ വിഭാഗം) തുടങ്ങിയ സംഘ്പരിവാർ സംഘടനകളിൽ പ്രവർത്തിച്ചു. 'വന്ദേമാതരം ജൻ കല്യാൺ സമിതി' എന്ന സംഘ്പരിവാർ സംഘടനയുടെ സ്ഥാപകാംഗമാണ് പ്രജ്ഞ (Praghya Sing Thakur- wikipedia). കുടുംബത്തിൽ ഏറ്റവും കൂടുതൽ മതബോധമുള്ളത് പ്രജ്ഞക്കാണത്രെ! ശ്രോതാക്കളെ വികാരംകൊള്ളിക്കാൻ കഴിവുള്ള പ്രസംഗകയായ പ്രജ്ഞ, ആർ.എസ്.എസ്സിന്റെ ആശയങ്ങൾ നെഞ്ചേറ്റിയാണ് വളർന്നത്. 2007–ൽ അലഹബാദ് കുംഭമേളയിൽ വെച്ച് സ്വാമി അവദേശാനന്ദഗിരിയിൽനിന്ന് 'ദീക്ഷ' സ്വീകരിച്ചാണ് പ്രജ്ഞാസിംഗ് 'സാധ്വി'യായി മാറിയത് (The Fiery And Fanatical Sadhvi, *Tehelka* Magazine, Vol 5, Issue 45, Nov. 15, 2008).

തീവ്ര ഹിന്ദുത്വ ദേശീയതയിൽ വിശ്വസിക്കുന്ന 'അഭിനവ് ഭാരത്' എന്ന സംഘടന 2007–ലാണ് രൂപീകരിക്കപ്പെട്ടതെന്ന് റിപ്പോർട്ടുകളിൽനിന്ന് മനസ്സിലാകുന്നു. ഗാന്ധിജിയെ വധിച്ച നാഥുറാം ഗോഡ്സെയുടെ ബന്ധുവായ ഹിമാനി സവർക്കറാണ് 'അഭിനവ് ഭാരതി'ന്റെ പ്രസിഡന്റ്. 2008 സെപ്റ്റംബറിലെ മാലേഗാവ് സ്ഫോടന കേസ് തെളിയിക്കപ്പെട്ടതോടെയാണ് 'അഭിനവ് ഭാരത്' അറിയപ്പെടാൻ തുടങ്ങിയത് (Abhinav Bharat-wikipedia). വി.ഡി സവർക്കർ 1904–ൽ നാസികിൽ സ്ഥാപിച്ച 'അഭിനവ് ഭാരത് സൊസൈറ്റി' വേറെയുമുണ്ട്. അവർക്ക് സ്ഫോടനങ്ങളുമായി ബന്ധമില്ലെന്ന് പറയുന്നു (www.abhinavbharat.org/press release- 2008 Oct. 29).

ഹിമാനി സവർക്കറും സാധ്വി പ്രജ്ഞാ സിംഗും നേതൃത്വം നൽകുന്ന 'അഭിനവ് ഭാരതി'ന്റെ പ്രവർത്തനങ്ങളിൽ ഒട്ടേറെ ദുരൂഹതകളുണ്ടെന്നും വിശദമായ അന്വേഷണം ആവശ്യമാണെന്നും ടീസ്റ്റ സെറ്റിൽവാദും ജാവേദ് അക്തറും ഉൾപ്പെടെയുള്ള പ്രമുഖ മനുഷ്യാവകാശ പ്രവർത്തകർ ചൂണ്ടിക്കാട്ടുകയുണ്ടായി. "2008 മാലേഗാവ് സ്ഫോടന കേസ് അന്വേഷണം, 'അഭിനവ് ഭാരതി'ന്റെ പ്രവർത്തകർക്ക് ചില ബംഗ്ലാദേശ് ബന്ധങ്ങളുള്ളതായി സൂചിപ്പിക്കുന്നു. ഗൂഢാലോചനയിലും മാലേഗാവിലെ ഭീകരാക്രമണത്തിലും അവർക്കും പങ്കുണ്ട്. എ.ടി.എസ് കേന്ദ്രങ്ങൾ പറയുന്നതനുസരിച്ച്, 'അഭിനവ് ഭാരതി'ന് 5000 അംഗങ്ങളാണുള്ളത്. അതിൽ 20 പേർ ബംഗ്ലാദേശികളാണ്. കുൽകർണിയെ ചോദ്യം ചെയ്തപ്പോൾ ലഭിച്ച വിവരമനുസരിച്ച് അഭിനവ് ഭാരതിന്റെ കൊൽക്കത്ത യോഗത്തിൽ പങ്കെടുത്ത രണ്ട് ബംഗ്ലാദേശികളെ എ.ടി.എസ് തെരഞ്ഞുകൊണ്ടിരിക്കുകയാണ്. അഭിനവ് ഭാരതിന്റെ യോഗങ്ങളിൽ പങ്കെടുത്ത ബംഗ്ലാദേശികൾ ഹിന്ദുമതക്കാരാണ്. കുൽകർണിയാണ് അഭിനവ് ഭാരതിന്റെ മുഖ്യ സംഘാടകനും പ്രചാരകനും. കേണൽ ശ്രീകാന്ത് പുരോഹിതാണത്രെ കുൽക്കർണിയെ നിശ്ചയിച്ചത്. കൊമേഴ്സിൽ ബിരുദം നേടിയ കുൽക്കർണിക്ക് മാസാന്തം 5000 രൂപയാണ് 'അഭിനവ് ഭാരത്' നൽകുന്നതെന്ന് എ.ടി.എസ് കേന്ദ്രങ്ങൾ പറയുന്നു" (Hindu Terrorists Arrest: Small but Major Move, 2008 Oct 30, - Stop the politicisation of bomb terror, Monday Nov 3, 2009- Muslim Media Network).

സാധ്വി പറയുന്നത് ശരിയാണെന്ന് അവരെ ബ്രെയിൻ മാപ്പിംഗ് ടെസ്റ്റിന് വിധേയമാക്കിയപ്പോൾ തെളിയുകയുണ്ടായി. നാർക്കോ അനാലിസിനും സാധ്വിയെ വിധേയമാക്കിയിരുന്നു (Sunday Times of India- Pune 2008 Nov 2)

## കാവിയുടുത്ത ഭീകരൻ

സ്ഫോടന ഗൂഢാലോചനയിലെ പ്രധാന കണ്ണിയാണ് സ്വാമി അമൃതാനന്ദ എന്നറിയപ്പെടുന്ന ദയാനന്ദ് പാണ്ഡെ. കശ്മീർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'സ്വാമി'യാണ് സ്ഫോടനം നടത്താൻ കേണൽ പുരോഹിതിനെ സഹായിച്ചതും ഫണ്ട്

സ്വരൂപിച്ചതുമെന്നാണ് മഹാരാഷ്ട്ര ഭീകരവിരുദ്ധ സ്കോഡ് കണ്ടെത്തിയിട്ടുള്ളത്. സ്ഫോടനം ആസൂത്രണം ചെയ്യാൻ പല സ്ഥലങ്ങളിലായി ചേർന്ന രഹസ്യ യോഗങ്ങളുടെ ദൃശ്യങ്ങളും മറ്റും 'സ്വാമി'യുടെ ലാപ്ടോപ്പിൽനിന്നും പെൻഡ്രൈവിൽനിന്നും എ.ടി.എസ് കണ്ടെടുക്കുകയുണ്ടായി. കശ്മീർ മുൻ ഗവർണർ എസ്.കെ സിൻഹയുൾപ്പെടെയുള്ള ഉന്നതരുമായി ബന്ധമുണ്ടെന്ന് റിപ്പോർട്ടുകളുള്ള സ്വാമിയുടെ ഭീകരതയുടെ വ്യാപ്തിയെക്കുറിച്ചും കശ്മീരിലെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായ അന്വേഷണങ്ങൾ നടക്കേണ്ടതുണ്ട്.

കാൺപൂരിൽ നിന്നാണ് സ്വാമിയെ എ.ടി.എസ് അറസ്റ്റ് ചെയ്തത് (Pudhari, Pune, 2008 Nov 13). ഭോപ്പാലിൽ 2008 ഏപ്രിലിൽ നടന്ന ഒരു യോഗത്തിൽ ദയാനന്ദ് പാണ്ഡെ, പുരോഹിതിനോട് ആർ.ഡി.എക്സ് നൽകാൻ ആവശ്യപ്പെടുകയുണ്ടായി. പ്രജ്ഞാ സിംഗും യോഗത്തിൽ പങ്കെടുത്തിരുന്നു (Pudhari, Pune 2008 Nov 16). ജമ്മുവിലെ ശാരദാ സർവജ്ഞ പീഠത്തിന്റെ അധിപനായ സ്വാമി അമൃതാനന്ദയുടെ യഥാർഥ പേര് സുധാകർ ദ്വിവേദി എന്നാണ്. 36 കാരനായ ഈ വാരാണസി സ്വദേശി ജമ്മു–കശ്മീർ താഴ്വരയിലെ സ്ഥിരം സന്ദർശകനാണെന്നാണ് പോലീസ് വൃത്തങ്ങളുടെ റിപ്പോർട്ട്. 2003 മുതൽ സ്വാമി ജമ്മുവിലുണ്ട്. 'രാഷ്ട്രീയ റൈഫിൾസി'ൽ അംഗമായിരുന്ന ലഫ്റ്റനന്റ് കേണൽ പുരോഹിതുമായി സ്വാമി 2003–ലാണ് ബന്ധം സ്ഥാപിച്ചത്. 1994–ൽ 'ദീക്ഷ' സ്വീകരിച്ച് സന്യാസിയായ സുധാകർ ദ്വിവേദിയെന്ന ദയാനന്ദ് പാണ്ഡെ, 2003–ലാണ് ജമ്മുവിൽ തന്റെ 'സന്യാസിമഠം' സ്ഥാപിച്ചത്. ഈ 'ആത്മീയ കേന്ദ്രത്തിന്റെ' മറവിലാണ് സ്വാമി ഭീകരപ്രവർത്തനങ്ങൾ നടത്തിയത് (He was ordained as a saint 14 years ago, rediff.com Nov 12, 2008).

"സ്ഫോടന കേസിൽ അറസ്റ്റിലായവരുമായി വളരെ അടുത്ത ബന്ധമാണ് സ്വാമി അമൃതാനന്ദക്കുള്ളത്. മാലേഗാവ് സ്ഫോടന ഗൂഢാലോചനയുടെ മുഖ്യ സൂത്രധാരനും ഇയാളാണ്. ഭോപാൽ, ഇൻഡോർ, ഡിയൊലാലിൽ, ഭോൺസാല മിലിട്ടറി സ്കൂൾ തുടങ്ങിയ സ്ഥലങ്ങളിൽ നടത്തിയ യോഗങ്ങളിൽ സ്വാമി അമൃതാനന്ദ പങ്കെടുത്തിട്ടുണ്ട്. നിരവധി അപരനാമങ്ങൾ സ്വാമി ഉപയോഗിച്ചിട്ടുണ്ട്. ഞങ്ങൾ അതിന്റെ വിശദാംശങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. മറ്റു പ്രതികളായ കേണൽ പുരോഹിതും റയ്കാറും സ്വാമിയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. സ്വാമിയുടെ ഫോട്ടോകളും ഫോൺ നമ്പറുകളും ഞങ്ങളുടെ അടുത്തുണ്ട്"– കേസ് അന്വേഷിച്ച ഹേമന്ദ് കർക്കരെയുടെ വാക്കുകൾ. ജമ്മുവിലെ ചാർട്ടേഡ് അക്കൗണ്ടന്റ് വി.കെ കപൂറിനെയും മകൻ പവനെയും പോലീസ് ചോദ്യം ചെയ്യുകയുണ്ടായി. അവരുടെ ഓഫീസ്, സ്വാമി നടത്തിയിരുന്ന 'കശ്മേരു ശങ്കരാചാര്യ അമൃതാനന്ദ വേദിക് വിശ്വ കല്യാൺ ട്രസ്റ്റി'ന്റെ ഓഫീസായി ഉപയോഗിച്ചിരുന്നു (248, Sector-IA, Trikute Nagar). തന്റെ ട്രസ്റ്റിന് രജിസ്ട്രേഷൻ കിട്ടാൻ ഈ അഡ്രസ്സായിരുന്നു സ്വാമി ഉപയോഗിച്ചിരുന്നതെന്നാണ് വി.കെ കപൂറിന്റെ മൊഴി. പോലീസ് എസ്കോർട്ടോടുകൂടി സ്വാമി അമൃതാനന്ദ ജമ്മുവിലുടനീളം പല തവണ ചുറ്റി സഞ്ചരിച്ചിരുന്നു. സീനിയർ ഉദ്യോഗസ്ഥരോടൊപ്പമായിരുന്നുവത്രെ ഇത്. പലപ്പോഴായി കശ്മീരി പണ്ഡിറ്റുകളെ സന്ദർശിച്ചിട്ടുള്ള സ്വാമി, പാക് അധീന കശ്മീരിലെ പുണ്യ കേന്ദ്രമായ 'ശാരദാപീഠ'വും സന്ദർശിച്ചിട്ടുണ്ട്. അമർനാഥ് ക്ഷേത്ര ഭൂമി കൈയേറ്റത്തോടനുബന്ധിച്ചുണ്ടായ പ്രശ്നങ്ങൾക്കിടയിൽ ഒരിക്കൽ, 'അമർനാഥ് സംഘർഷ് സമിതി' കൺവീനർ ലീലാ കരൺ ശർമയോടൊപ്പം, 'ഗീതാ ഭവനിൽ' ഒരു പത്രസമ്മേളനത്തിലും സ്വാമി പങ്കെടുക്കുകയുണ്ടായി. അതേക്കുറിച്ച് എൽ.കെ ശർമ പറയുന്നതിങ്ങനെ: "ആ സന്ദർഭത്തിൽ പിന്തുണ

അറിയിക്കാനായി ആത്മീയ നേതാക്കൾ ഉൾപ്പെടെ ധാരാളമാളുകൾ ഞങ്ങളെ സന്ദർശിച്ചിരുന്നു. അവരെക്കുറിച്ച് ഞങ്ങൾക്കൊന്നും അറിയില്ല. സ്വാമി വലിയ ആത്മീയ നേതാവായിരുന്നു. എന്റെ സുരക്ഷയുടെ കാര്യത്തിൽ ആശങ്ക പ്രകടിപ്പിച്ച സ്വാമി ഒരു പരാതി എഴുതിക്കൊടുക്കാൻ ആവശ്യപ്പെട്ടു. എനിക്ക് പോലീസ് സംരക്ഷണം തരണമെന്ന് ആഭ്യന്തരമന്ത്രിയോട് ആവശ്യപ്പെടാമെന്നും സ്വാമി പറഞ്ഞു." വി.കെ കപൂർ *ഇന്ത്യൻ എക്സ്പ്രസി*നോട് പറഞ്ഞതിൽ ഇത്ര കൂടിയുണ്ട്: "ജമ്മു പ്രജാ പരിഷത്ത്(ജെ.പി.പി)യുടെ സ്ഥാപകനായ ബി.ജെ.പിയുടെ മുൻ എം.എൽ.എ റിഷികുമാർ കൗശലിന്റെ വീട്ടിൽ വെച്ചാണ് ഞാൻ സ്വാമിയെ പരിചയപ്പെട്ടത്. ഒരു ചാരിറ്റബൾ ട്രസ്റ്റ് സ്ഥാപിക്കാൻ സ്ഥലം വേണമെന്നും ഞാൻ അതിന്റെ അക്കൗണ്ടന്റാകണമെന്നും സ്വാമി എന്നോട് പറഞ്ഞു. ട്രസ്റ്റ് ഓഫീസ് ആരംഭിക്കാൻ അനുവാദം കിട്ടും മുമ്പ് എന്റെ ഓഫീസ് കം റസിഡൻസിന്റെ അഡ്രസ് ട്രസ്റ്റിന്റെ രജിസ്ട്രേഷന് ഉപയോഗിക്കണമെന്നും സ്വാമി ആവശ്യപ്പെടുകയുണ്ടായി. ട്രസ്റ്റ് രജിസ്റ്റർ ചെയ്യപ്പെട്ടത് 2003–ലാണ്. ദയാനന്ദ് പാണ്ഡെയായിരുന്നു അതെന്ന് അറിയില്ലായിരുന്നു; ഞങ്ങൾക്കറിയാവുന്ന സ്വാമിയുടെ പേര്, 'ജഗദ്ഗുരു ശങ്കരാചാര്യ സ്വാമി അമൃതാനന്ദ ദേവ് തീർഥ സർവജ്ഞ പീഠദീശ്വർ' എന്നാണ്. 'പാനൂൻ കശ്മീരി'ന്റെ കൺവീനർ അജയ് ചാരംഗൂ പറയുന്നത്, നാലഞ്ചു വർഷം മുമ്പേ തന്റെ വീട്ടിൽ ഒരു ആത്മീയ നേതാവായി സ്വാമി വന്നിരുന്നു, പക്ഷേ, സ്വാമിയുടെ ചരിത്രമൊന്നും തനിക്കറിയില്ലായിരുന്നുവെന്നാണ്. കശ്മീരി പണ്ഡിറ്റുകളുടെ മറ്റൊരു സംഘടനയായ 'സഞ്ജീവനി വരദ കേന്ദ്ര'യുടെ ആർ.എൽ ഭട്ട് പറയുന്നു: പല യോഗങ്ങളിലും ഞാൻ സ്വാമിയെ കണ്ടിട്ടുണ്ട്. പോലീസ് എസ്കോർട്ടോടു കൂടിയാണ് അയാൾ സഞ്ചരിച്ചിരുന്നത്. 'ആത്മീയ ഉപദേശങ്ങൾ' നൽകാൻ വേണ്ടി സ്വാമി പലപ്പോഴും കുടിയേറി താമസിക്കുന്നവരുടെ ക്യാമ്പുകൾ സന്ദർശിക്കാറുണ്ടായിരുന്നു" (Jammu Mahant in Malegoan blast net- Express News Service, Nov 13, 2008, indian express.com). "ജമ്മുവിലെ സ്വാമിയുടെ സന്ദർശനം ഗവൺമെന്റിന്റെ അതിഥിയായിട്ടായിരുന്നു. രാജ്ഭവന് സമീപത്തെ കനത്ത സുരക്ഷാ സംവിധാനമുള്ള സീസ്താ ദേവി ക്ഷേത്രത്തിലും സ്വാമി സന്ദർശനം നടത്തുകയുണ്ടായി" (wikipedia, 29 Sep 2008, Western India bombings, www.greaterkashmir.com/Full story-14.11.2008).

ജമ്മു കശ്മീർ ഗവർണറും അമർനാഥ് ക്ഷേത്ര ഭൂമി പ്രശ്നത്തിലെ വിവാദനായകനുമായ എസ്.കെ. സിൻഹയുമായി സ്വാമിക്ക് അടുത്ത ബന്ധമുണ്ടെന്ന വാർത്തകളും പുറത്തുവന്നു. 2007–ൽ സിൻഹ ഗവർണറായിരുന്ന സമയത്ത് അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിയായ രാജ്ഭവനിൽ സർക്കാർ അതിഥിയായി പാണ്ഡെ പലപ്പോഴും താമസിച്ചതിന് തെളിവുണ്ടെന്ന് കശ്മീർ പി.ഡി.പി നേതാവ് മുഫ്തി മുഹമ്മദ് സഈദ് വാർത്താ സമ്മേളനത്തിൽ പറയുകയുണ്ടായി. സ്വാമി എങ്ങനെ സർക്കാർ അതിഥിയായെന്നും കശ്മീരിൽ അദ്ദേഹത്തിന്റെ അജണ്ട എന്തായിരുന്നുവെന്നും അന്വേഷണ വിധേയമാക്കേണ്ടതുണ്ട്. എ.ഐ.സി.സി ജനറൽ സെക്രട്ടറി പൃഥിരാജ് ചൗഹാൻ, നാഷ്നൽ കോൺഫറൻസ് നേതാവ് ഫാറൂഖ് അബ്ദുല്ല തുടങ്ങിയവർ സംഭവത്തെക്കുറിച്ച അന്വേഷണം ആവശ്യപ്പെട്ട് രംഗത്തുവരികയുണ്ടായി.

എന്നാൽ ദയാനന്ദ് പാണ്ഡെയുമായുള്ള തന്റെ ബന്ധം സിൻഹ നിഷേധിക്കുകയാണ് ചെയ്തത്. പക്ഷേ, കശ്മീരിലെ പ്രമുഖ ക്ഷേത്രങ്ങളിൽ സിൻഹയും പാണ്ഡെയും ഒരുമിച്ച് സന്ദർശനം നടത്തിയതിന്റെ വിശദാംശങ്ങൾ മാധ്യമങ്ങൾ പുറത്തുവിട്ടതോടെ സിൻഹയുടെ വാദം പൊളിഞ്ഞു. ശിസ്താ ദേവി ക്ഷേത്ര സമിതി

സെക്രട്ടറി തന്നെയാണ് സിൻഹയുടെ പാണ്ഡെ ബന്ധം സ്ഥിരീകരിച്ച ത്(www.hindu.com, www.greaterkashmir.com, www.ndtv.com).

## ലക്ഷ്യം ഹിന്ദു രാഷ്ട്രം

അഭിനവ് ഭാരതിന്റെ തീവ്രവാദികൾ വിദേശ ശക്തികളുടെ സഹായത്തോടെ പ്രത്യേകമായൊരു ഹിന്ദുരാഷ്ട്ര സ്ഥാപനമാണ് ലക്ഷ്യമിട്ടതെന്ന് എ.ടി.എസ് സമർപ്പിച്ച കുറ്റപത്രത്തിൽ പറയുന്നു. പ്രത്യേക ഭരണഘടനയും പതാകയുമൊക്കെയുള്ള ഹിന്ദു രാഷ്ട്ര ലക്ഷ്യം നേടാനുള്ള ദീർഘകാലാധിഷ്ഠിത പദ്ധതികളുടെ ഭാഗമായിരുന്നു മാലേഗാവിലേതുൾപ്പെടെയുള്ള സ്ഫോടനങ്ങൾ.

2009 ജനുവരി 22-ലെ *പൂനെ മിറർ* പത്രത്തിൽ, എ.ടി.എസ് സമർപ്പിച്ച കുറ്റപത്രത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. തീവ്രവാദികളുടെ ഗൂഢാലോചനയുടെ വ്യാപ്തിയും സ്ഫോടനങ്ങളുടെ ലക്ഷ്യവും അതിൽനിന്ന് വ്യക്തമായി മനസ്സിലാക്കാം. കുറ്റപത്രത്തിൽനിന്നുള്ള *പൂനെ മിററി*ന്റെ റിപ്പോർട്ടിലെ പ്രധാന ഭാഗങ്ങൾ: "നാലായിരത്തിലേറെ പേജ് വരുന്ന കുറ്റപത്രം പുരോഹിത്, സാധ്വി പ്രജ്ഞാ സിംഗ്, രാകേഷ് ധാവ്ഡെ തുടങ്ങിയവർ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും അവർ ലക്ഷ്യം വെച്ച പ്രത്യേക ഭരണഘടനയെയും ദേശീയ പതാകയെയും സംബന്ധിച്ചും വിശദമായ വിവരങ്ങൾ നൽകുന്നുണ്ട്.... പാണ്ഡെയുടെ ലാപ്ടോപിൽനിന്ന് ലഭ്യമായ വിവരമനുസരിച്ച് നേപ്പാളിലെ ജ്ഞാനേന്ദ്ര രാജാവിന്റെ സഹായവും അവർ തേടിയിരുന്നു. ജ്ഞാനേന്ദ്ര രാജാവുമായുള്ള കൂടിക്കാഴ്ചയെയും തന്റെ ആളുകൾക്ക് പരിശീലനം നൽകാൻ രാജാവ് സന്നദ്ധനായതിനെക്കുറിച്ചും കൂട്ടാളികളോട് പുരോഹിത് വിശദീകരിച്ചിരുന്നു. എ.കെ 47 റൈഫിളുകൾ ചെക് റിപ്പബ്ലിക്കുകളിൽനിന്ന് പണം കൊടുത്ത് വാങ്ങാൻ പുരോഹിത് ആവശ്യപ്പെട്ടിരുന്നു...... സ്വന്തമായ ഭരണഘടനയോടു കൂടി ഒരു ഹിന്ദുരാഷ്ട്രം ലക്ഷ്യം വെച്ചാണ് പുരോഹിത് 2007-ൽ അഭിനവ് ഭാരത് രൂപീകരിച്ചത്. 'ഭാരത് സ്വരാജ്യ, സുരാജ്യ ആന്റ് സുരക്ഷ' തുടങ്ങിയവയായിരുന്നു ഭരണഘടനയുടെ ആമുഖത്തിലെ മുദ്രാവാക്യങ്ങൾ എന്ന് കുറ്റപത്രം പറയുന്നു. കാവി നിറത്തിൽ പ്രത്യേക ചിഹ്നങ്ങളുള്ള ദേശീയ പതാകയാണ് ഉദ്ദേശിച്ചിരുന്നത്....

"സ്വാമി ദയാനന്ദ് പാണ്ഡെയുടെ ലാപ്ടോപ്പിൽനിന്ന് കിട്ടിയ സംഭാഷണത്തിൽ പുരോഹിതിന്റെ സംസാരവും ഉണ്ട്. പുരോഹിത് പറയുന്നു: ഞാൻ ഇസ്രയേലുമായി ബന്ധപ്പെട്ടിരുന്നു. അവരുടെ ഭാഗത്തുനിന്ന് വളരെ അനുകൂല സമീപനമാണ് ഉണ്ടായത്. പ്രായോഗികമായി ചിലത് ചെയ്തുകാണിക്കാൻ അവർ ഞങ്ങളോട് ആവശ്യപ്പെടുകയുണ്ടായി. ഞങ്ങളുടെ വെബ് സൈറ്റ് ഇതുവരെ പ്രവർത്തനക്ഷമമായിരുന്നില്ല. കടലാസ് രേഖകൾ മാത്രമാണ് ഞങ്ങൾ അവർക്ക് നൽകിയത്. ആറു മാസം കാത്തിരിക്കാനും നിരീക്ഷിക്കാനുമായിരുന്നു അവർ ആവശ്യപ്പെട്ടത്...... 'നാല് കാര്യങ്ങളാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. ഒന്ന്, തുടർച്ചയായി മുടക്കമില്ലാതെ ഉപകരണങ്ങളും പരിശീലനങ്ങളും ലഭിക്കുക. രണ്ട്, കാവി കൊടിയുള്ള ഒരു ഓഫീസ് ടെൽ അവീവിൽ തുടങ്ങാൻ ഞങ്ങൾക്ക് അനുവാദം തരിക. മൂന്ന്, രാഷ്ട്രീയ അഭയകേന്ദ്രം (Political asylum). നാല്, ഞങ്ങളുടെ പ്രവർത്തനങ്ങളെ യു.എന്നിൽ പിന്തുണക്കുക.'

"രണ്ട് കാര്യങ്ങൾ അവർ സ്വീകരിച്ചു. ഇന്ത്യയുമായുള്ള ബന്ധം നഷ്ടപ്പെടുത്താൻ സാധ്യമല്ലാത്തതിനാൽ കാവി പതാക ടെൽഅവീവിൽ സ്ഥാപിക്കുന്നത് അവർ നിരാകരിച്ചു. രണ്ടു വർഷത്തേക്ക് അന്താരാഷ്ട്ര വേദികളിലൊന്നും ഞങ്ങളെ പിന്തുണക്കില്ലെന്നും അവർ പറഞ്ഞു.

"2006 ജൂലൈ 24-നും ശേഷം 2007-ലും ജ്ഞാനേന്ദ്ര രാജാവുമായി ഞങ്ങൾ

കൂടിക്കാഴ്ച നടത്തുകയുണ്ടായി.... ഞങ്ങളുടെ ആവശ്യങ്ങൾ രാജാവ് അംഗീകരിച്ചു...

"എന്റെ ഇരുപത് ആളുകളെ 'ഓഫീസർമാരാ'യും 200 പേരെ പട്ടാളക്കാരായും ഓരോ ആറു മാസത്തിലും അവർ പരിശീലിപ്പിക്കും. ഒരു വർഷം 40 'ഓഫീസർ'മാരെയും 400 'പട്ടാളക്കാരെ'യും എനിക്ക് കിട്ടും. ചെക്കോസ്ലാവാക്യയിൽനിന്ന് എ.കെ 47 റൈഫിളുകളും വെടിയുണ്ടകളും വാങ്ങിത്തരാൻ ഞാൻ രാജാവിനോട് ആവശ്യപ്പെടുകയുണ്ടായി. അതിന് പണം നൽകാമെന്നും ഞാൻ പറഞ്ഞു. രാജാവ് അത് സ്വീകരിച്ചു.

ജ്ഞാനേന്ദ്ര രാജാവിന്റെ കുടുംബാംഗങ്ങൾ പങ്കെടുത്ത ഒരു യോഗത്തെക്കുറിച്ചും പുരോഹിത് പറയുകയുണ്ടായി.

2009 ജനുവരി 23–ന് *പൂനെ മിറർ* കുറ്റപത്രത്തിലെ മറ്റു ചില ഭാഗങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി:

"തങ്ങളുടെ ഹിന്ദു രാഷ്ട്രത്തിൽ ജനാധിപത്യത്തിന് സ്ഥാനമില്ലെന്നും അവിടെ രാജഭരണമായിരിക്കുമെന്നും പാണ്ഡെ ഒരു യോഗത്തിൽ പറഞ്ഞിരുന്നു....

"ഇന്ത്യക്ക് പുറത്ത് ഒരു ഹിന്ദു രാഷ്ട്രം സ്ഥാപിക്കുകയെന്ന ലക്ഷ്യത്തിന് സഹായം തേടി യു.എൻ.ഒയെ സമീപിക്കുമെന്ന് ഒരു യോഗത്തിൽ പാണ്ഡെ പ്രസ്താവിച്ചു...

"ഒരു പ്രവാസി ഗവൺമന്റിനെക്കുറിച്ചും ശങ്കരാചാര്യ (പാണ്ഡെ) സംസാരിച്ചു.....

"തങ്ങളെ എതിർക്കുന്നവർക്ക് ഭ്രഷ്ട് കൽപിക്കുമെന്നും അത് ഉന്മൂലനത്തിന്റെ രൂപത്തിലായിരിക്കുമെന്നും പുരോഹിത് പറയുകയുണ്ടായി.... ഉന്മൂലനം ചെയ്യേണ്ട 75 പേരുടെ ലിസ്റ്റ് അവർ തയാറാക്കിയിട്ടുണ്ട്.... (2008 ജനുവരി 26–ന് നടന്ന) ഒരു യോഗത്തിൽ 'ഹിന്ദു ആര്യാവർത്തഗവൺമെന്റി'ന് (Hindu Aryavart Goverment) എതിര് നിൽക്കുന്നവർക്ക് ഭ്രഷ്ട് കൽപിക്കുകയും വധിക്കുകയും ചെയ്യുമെന്ന് പുരോഹിത് പറഞ്ഞു (Pune mirror, 2009 Jan 22, 2009 Jan 23. quoted from-Who Killed Karkare? The real face of terrorism in India By S.M Mushrif Page 250-252).

കുറ്റപത്രത്തിൽ പറയുന്ന ലക്ഷ്യവും പ്രവർത്തന പദ്ധതികളുമുള്ള ഒരു സംഘത്തിന്റെ പ്രവർത്തനങ്ങൾ രാഷ്ട്രത്തോടുള്ള യുദ്ധവും രാജ്യദ്രോഹ കുറ്റവുമല്ലേ?

ഹിന്ദു രാഷ്ട്രം എന്ന ലക്ഷ്യം നേടാനുള്ള ദീർഘകാല പദ്ധതിയുടെ ഭാഗമായിരുന്നു മുസ്‌ലിം കേന്ദ്രങ്ങളിലും മസ്ജിദുകളിലും ഉൾപ്പെടെ നടത്തിയ സ്ഫോടനങ്ങൾ എന്ന് മറ്റു പല റിപ്പോർട്ടുകളിലും കാണാം (outlook_India.com, 2009 Ja 21, The Times of India 2009 Jan 23). 'ഹിന്ദു രാഷ്ട്രം' സ്ഥാപിക്കാൻ വേണ്ടി ഭീകരപ്രവർത്തനം നടത്താൻ തീവ്രവാദികൾക്ക് പ്രചോദനം നൽകിയ പ്രത്യയശാസ്ത്രം ഏതാണ്? അവരുടെ ആചാര്യന്മാർ ആരൊക്കെയാണ്? ■

(തുടരും)

sadarvzkd@yahoo.co.in